**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

## സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1997. 11/02/2020-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ കെ.എ.പി. അഞ്ചാം ബറ്റാലിയനിലേയ്ക്ക് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ; | (എ) | നിലവിലുള്ള 268 വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ നിയമനത്തിനായി നിയമന ശിപാർശ പട്ടിക പി.എസ്.സി.യിൽ നിന്നും ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുത്തുന്ന തീയതി മുതൽ ഒരു വർഷമാണ് കാലാവധി. |
| (സി) | പുതുതായി നിലവിൽ വന്ന ഉടുമ്പൻചോല, അടിമാലി, മുല്ലപ്പെരിയാർ, നെടുങ്കണ്ടം തുടങ്ങിയ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ ഒഴിവുകളുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉടുമ്പൻചോല പോലീസ് സ്റ്റേഷനിൽ സി.പി.ഒ. തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. അടിമാലി, മുല്ലപ്പെരിയാർ, നെടുങ്കണ്ടം എന്നീ പോലീസ് സ്റ്റേഷനുകളിൽ സി.പി.ഒ. തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ ഉൾപ്പെടെയുള്ള ജില്ലയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ